III ശ്രദ്ധ ക്ഷണിക്കൽ

1. കണ്ണൂരിലെ ശുദ്ധജല ക്ഷാമം

ശ്രീ. പി. ഭാസ്കരൻ : സർ, കണ്ണൂരിന്റെ കരളലിയിപ്പിക്കുന്ന കഥയാണ് ഞാൻ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കണ്ണൂരിലെ നഗരവാസികളും മുനിസിപ്പാലിറ്റി പഞ്ചായത്തുകളും കുടിവെള്ളം കിട്ടാൻ സാധിക്കാത്ത ഒരു പശ്ചാത്തലത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കൊല്ലം — കാലവർഷം കുറവായിരുന്നു. കഴിഞ്ഞ ആഗസ്റ്റു മാസത്തിൽ 4 ദിവസമാണ് ആ മേഖലയിൽ മഴ പെയ്തത്. തുലാവർഷം കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വരുന്ന ജാനുവരി മാസം മുതൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കണ്ണൂർ മുനിസിപ്പാലിറ്റിയിൽ ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചത് 1971-ലാണ് എൽ. ഐ. സി. യുടെ സാമ്പത്തികസഹായത്തോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചത്. കാലക്രമത്തിൽ അത് തലശ്ശേരിയിലും മാഹിയിലും ചില പഞ്ചായത്തുകളിൽ വെള്ളം കൊടുക്കാൻ പദ്ധതിയുണ്ടായിരുന്നു. 1976-ൽ തന്നെ ഈ പദ്ധതിയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതായിരുന്നു. അത് ചെയ്തില്ല. ആവശ്യത്തിനുവേണ്ടി 6 എം. ജി. വെള്ളം നമുക്ക് ആവശ്യമാണ്. പക്ഷെ ഇന്ന് കെട്ടിവരുന്നത് 4.5 എം. ജി. മാത്രമാണ്. കണ്ണൂരിന്റെ കുടിവെള്ളപ്രശ്നം ദൂരകാഴ്ചയോടുകൂടി കൈകാര്യം ചെയ്യണമെന്ന് ഞാൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. 1985-ൽ രൂക്ഷമായ ക്ഷാമമുണ്ടായിരുന്നു. നാട്ടുകാരുടെ സമരവും ബന്ദും പ്രക്ഷോഭണവും ഉണ്ടായിരുന്നു. കുടിവെള്ളത്തിനുവേണ്ടി ഞാൻ നിരാഹാരം കിടക്കേണ്ടിവന്നിരുന്നു. ലോറിയിൽ വെള്ളം എത്തിക്കുന്നതിന് പത്തുലക്ഷം രൂപയാണ് 1985-ൽ ചെലവഴിച്ചത്. 1986-ലും ഈ ക്ഷാമം വന്നപ്പോഴും ലോറിയിൽ കുടിവെള്ളം എത്തിക്കേണ്ടതായിട്ടുവന്നു. ഭീമമായ സംഖ്യ ഈ ഇനത്തിൽ സർക്കാരിന് ചെലവഴിക്കേണ്ടതായി വന്ന വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കണ്ണൂരിൽ നിന്ന് 25 കിലോമീറ്റർ അകലെയുള്ള അഞ്ചരക്കണ്ടിയിലെ കീഴല്ലൂർ ജലസംഭരണിയിൽ നിന്നാണ് കുടിവെള്ളം എത്തിക്കുന്നത്. ജാനുവരി മുതൽ ഈ സംഭരണി വരണ്ടുപോകാനിടയുണ്ട്. പഴശ്ശി കനാലിൽ നിന്ന് നേരിട്ട് വെള്ളം എത്തിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകണം. അല്ലെങ്കിൽ അത് കീഴല്ലൂർ ജലസംഭരണിയിൽ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പഴശ്ശിയിൽ ഈ പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് 35 കോടി രൂപയുടെ ഒരു സ്കീം തയ്യാറാക്കിയിരുന്നു. താൽക്കാലികമായി 170 ലക്ഷം രൂപയുടെ ഒരു അനുമതിയും കിട്ടിയിരുന്നു. പക്ഷേ, 15 ലക്ഷം രൂപ മാത്രമാണ് ഇതിനുവേണ്ടി വകയിരുത്തിയിട്ടുള്ളത്. ഇത് കണ്ണൂരിനോട് കാണിച്ചിട്ടുള്ള അവഗണനയും അവഞ്ജയുമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കണ്ണൂർ നഗര മദ്ധ്യത്തിൽ ചെട്ടിയാർകുളം, ആലക്കുളം, പിറയ്ക്കൽ പഞ്ചായത്തിലെ പുന്നാക്കുളം എന്നീ വെള്ളം കിട്ടുന്ന മൂന്നു കുളങ്ങളുണ്ട്. ഈ കുളങ്ങൾ നവീകരിച്ചു കൊണ്ട് ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. കോഴിക്കോട് നഗരത്തിൽ വെള്ളം എത്തിക്കുന്നത് മാനാഞ്ചിറ നിന്നാണ്. കണ്ണൂർ നഗരത്തിലും സമീപപ്രദേശങ്ങളിലും ഉയർന്നപ്രദേശങ്ങളിലും ഇന്നും കുടിവെള്ളം കിട്ടുന്നില്ല. ഇതിനുവേണ്ടി കക്കാട്ടും അതുപോലെ കസാനകോട്ടയിലും രണ്ടു ഓവർടാങ്കുകൾ സ്ഥാപിച്ചിരുന്നു. പക്ഷെ ഇതിനുവേണ്ടി പൈപ്പുകൾ സംഘടിപ്പിച്ചിട്ടില്ല. കണ്ണൂരിനെ സംബന്ധിച്ചിടത്തോളം 1987 ദുരന്തം പിടിച്ച ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർഷമായിരിക്കും. കുടിനീര് കിട്ടാതെ കണ്ണുനീര് ഒഴുക്കുന്ന കറുത്തമായ ദിനങ്ങളായിരിക്കും 1987 ജാനുവരി മുതൽ. ഇതിനൊരു പരിഹാരമുണ്ടാകണം. ഈ പശ്ചാത്തലം ദീർഘദൃഷ്ടിയോടുകൂടി നോക്കിക്കാണണമെന്നും കണ്ണൂരിനോടുള്ള അവഗണനയും അനാസ്ഥയും അലംഭാവവും അവസാനിപ്പിക്കണമെന്നും വകുപ്പുമന്ത്രിയോട് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കണ്ണൂർ ജില്ലയിലെ കുടിവെള്ളത്തിന്റെ പ്രശ്നത്തെപ്പറ്റി ഗവൺമെന്റിന് തികച്ചും ബോദ്ധ്യമുണ്ട്. ആ കാര്യം പരിഹരിക്കുന്നകാര്യത്തിൽ യാതൊരു അനാസ്ഥയുമില്ല. അവഗണനയുമില്ല. നേരെ മറിച്ച് ശക്തമായ നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. രണ്ടുകാര്യങ്ങളാണ്. ഒന്ന് താൽക്കാലികമായ നടപടിയും രണ്ട് ശാശ്വതമായ നടപടിയും താൽക്കാലികമായി ഒരു വിപുലീകരണപദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കി വരുകയാണ്. അതിന് 178 ലക്ഷം ഉറുപ്പികയുടെ മുതൽ മുടക്കുള്ള വിപുലീകരണ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കണ്ണൂർ ശുദ്ധജല പദ്ധതിയുടെ പമ്പിംഗ് ലൈനിൽ സമ്മർദ്ദം വർദ്ധിക്കുമ്പോൾ പൈപ്പുകൾ പൊട്ടിപോകുന്നത് ഒരു പ്രശ്നമായിരുന്നു. ആ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി സമ്മർദ്ദ ലഘൂകരണയന്ത്രം ഇതിനകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഈ പദ്ധതിയുടെ weir-ൽ ചോർച്ചയുണ്ടായിരുന്നു. ആ weir-ൽ ഉണ്ടായിരിക്കുന്ന ചോർച്ച തടയുന്നതിനുവേണ്ടി കോൺക്രീറ്റ് ലൈനിംഗ് നടത്തികൊണ്ടിരിക്കുകയാണ്. ആ പ്രശ്നത്തിനും ഒരു പരിഹാരം ഉണ്ടായിക്കഴിഞ്ഞിരുന്നു. അതുപോലെതന്നെ അവിടത്തെ കോൺക്രീറ്റ് പൈപ്പുകൾ പൊട്ടുന്നുണ്ടായിരുന്നു. അതിനെപ്പറ്റി വളരെയധികം വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോൾ പൊട്ടിക്കൊണ്ടിരുന്ന കോൺക്രീറ്റ് പൈപ്പുകൾ മാറ്റി പകരം കാസ്റ്റ് അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെ തന്നെ അഞ്ചരക്കണ്ടിയിൽ ഇപ്പോഴുള്ള പൈപ്പുകൾക്കു പുറമെ 250 ഹോഴ്സ് പവ്വർശക്തിയുള്ള രണ്ടു പമ്പുകൾ കൂടി സ്ഥാപിക്കുവാനുള്ള നടപടി എടുത്തുവരുന്നുണ്ട്. അതിനുപുറമെ മുനിസിപ്പാലിറ്റിയിലെ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കാൻ കക്കാട്ട്, കസാനക്കോട്ട എന്നീ രണ്ടു ഓവർ ഹെഡ് ടാങ്കുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ഒന്ന് പൂർത്തിയായി. കക്കാട്ടിലെ ഓവർ ഹെഡ് ടാങ്കിന്റെ പണി പൂർത്തിയായി. കസാനക്കോട്ടയുടെ പണി ഉടനെ പൂർത്തീകരിക്കുന്നതാണ്. ഇതിനുപുറമെ കക്കാട്ടെ ടാങ്കിനടുത്ത് ഒരു കുഴൽക്കിണർ കുഴിച്ചിട്ടുണ്ട്. ആ കുഴൽ കിണറ്റിലെ വെള്ളം കക്കാട്ടെ ടാങ്കിലേക്ക് പമ്പു ചെയ്തുകൊണ്ട് ഇതിന്റെ സോഴ്സ് ബലപ്പെടുത്തുന്നതിനുള്ള നടപടിയുണ്ട്. ഇപ്രകാരമുള്ള നിരവധി നടപടികൾ എടുത്തുകൊണ്ട് ഇടക്കാല പദ്ധതി വിപുലീകരിക്കുന്നുണ്ട്. 178 ലക്ഷം രൂപയുടെ പദ്ധതി ഏതാണ്ട് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. അത് വളരെ കാര്യക്ഷമമായി മുന്നോട്ടു നീങ്ങികൊണ്ടിരിക്കുകയാണ്.

സർ, മറ്റൊരു കാര്യം എനിക്ക് സഭയെ അറിയിക്കാനുള്ളത് കണ്ണൂർ നഗരത്തിലെ ശുദ്ധജലവിതരണ പദ്ധതിക്ക് ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം വേണമെങ്കിൽ അതിന്റെ സോഴ്സ് ബലപ്പെടുത്തണം. ഇപ്പോൾ കണ്ണൂരിലെയും തലശ്ശേരിയിലെയും ജലവിതരണപദ്ധതിയുടെ സോഴ്സ് എന്നു പറയുന്നത് അഞ്ചരക്കണ്ടിപ്പുഴയിലെ വെള്ളമാണ്. പക്ഷേ വേനൽക്കാലത്ത് അഞ്ചരക്കണ്ടിപ്പുഴയിൽ വെള്ളമില്ലെന്നുള്ളതാണ് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ ബുദ്ധിമുട്ട്. അപ്പോഴും അതിന് ഒരു പരിഹാരമുണ്ടാകണമെന്നുണ്ടെങ്കിൽ പഴശ്ശിയിലെ ഡാമിൽ നിന്ന് വെള്ളം പമ്പുചെയ്ത് അഞ്ചരക്കണ്ടിപ്പുഴയിലേക്ക് കൊണ്ടുവരുമെങ്കിൽ അത് സാധിക്കുന്നതാണ്. അങ്ങനെ പഴശ്ശിയിൽ നിന്നു വെള്ളം പമ്പു ചെയ്ത് അഞ്ചരക്കണ്ടിപ്പുഴയിലേക്ക് കൊണ്ടുവന്ന് ബലപ്പെടുത്തുന്നതിനുള്ള നടപടികളിലേക്കും ഗവൺമെന്റും നീങ്ങുകയാണ്. അപ്പോഴും ഈ നിലയിൽ എല്ലാനടപടികളും വിജയകരമായിത്തീരുമ്പോഴും കണ്ണൂരിനെ സംബന്ധിച്ചിടത്തോളം അവിടത്തെ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുമെന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. ഗവൺമെന്റ് ആത്മാർത്ഥമായി നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

2 സ്ത്രീധന സംബന്ധമായി വർദ്ധിച്ചുവരുന്ന സ്ത്രീപീഡനങ്ങളും

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളും അനുഭവിക്കുന്ന പീഡനങ്ങളും കൊലപാതകങ്ങളും അടിക്കടി വർദ്ധിച്ചുവരുന്നതുകൊണ്ട് അതിനു ഒരു പരിഹാര മാർഗ്ഗം കണ്ടുപിടിച്ച് നടപ്പിലാക്കേണ്ടതു ഒരു ഗവൺമെന്റിന്റെ കടമയായതുകൊണ്ടാണ് ഞാൻ ഈയവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നത്. സർ, കഠിനഹൃദയരെപ്പോലും ഞെട്ടിപ്പിക്കുന്ന ഒട്ടനവധി സ്ത്രീ പീഡനങ്ങളുടേയും കൊലപാതകങ്ങളുടേയും കഥകളാണ് നാം പത്രങ്ങളിലും അല്ലാതെയും അറിഞ്ഞുകൊണ്ടിരിക്കുന്നത്. അടുത്ത കാലത്തായി ഇത്തരം വാർത്തകളും പത്രങ്ങളിൽ സർവ്വസാധാരണമായി തീർന്നിട്ടുണ്ട്. ഇനിയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ഇത്തരം സംഭവങ്ങളുടെ നേരെ അലംഭാവത്തോടെ കണ്ണുംനട്ട് നോക്കിയിരുന്നാൽ മതിയോ എന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു ? ഇത്തരം പീഡനങ്ങളും കൊലപാതകങ്ങളും കഴിയുന്നത്ര അവസാനിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ച് സ്ത്രീകളെ രക്ഷിക്കേണ്ടതു ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റിന്റെ കടമ മാത്രമാണ്. നമ്മുടെ രാജ്യത്ത് ജാതിമത പ്രാദേശിക വ്യത്യാസമില്ലാതെ എല്ലാ വിഭാഗം സ്ത്രീകളും സ്ത്രീധനത്തിന്റെ പേരിൽ പീഡനങ്ങളും അനുഭവിക്കേണ്ടി വരുന്നുണ്ട്. ഓരോ പത്തുപതിനഞ്ചു മണിക്കൂറിലും തലസ്ഥാന നഗരിയായ ന്യൂഡൽഹിയിൽ സ്ത്രീധനത്തിന്റെ പേരിൽ ഒരു മരണം വീതം നടക്കുന്നുവെങ്കിൽ മഹാരാഷ്ട്രയെപ്പോലുള്ള സംസ്ഥാനങ്ങളിലും ദിവസവും കുറഞ്ഞത് ഒരു സ്ത്രീ മരണമെങ്കിലും നടക്കുന്നുവെന്നുള്ള റിപ്പോർട്ടുകളുണ്ടുള്ളത്. കഴിഞ്ഞ ആറു വർഷത്തിനുള്ളിൽ ഇൻഡ്യയിൽ 2137 സ്ത്രീധന മരണങ്ങളാണ് ഉണ്ടായിട്ടുണ്ടെന്നാണ് 1986 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി ശ്രീ. പി. ചിദംബരം ലോക്സഭയെ അറിയിച്ചത്. ഇത്തരം ദുരന്തങ്ങൾക്ക് മുൻപന്തിയിൽ നിൽക്കുന്നത് ഉത്തരപ്രദേശാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഒട്ടും പുറകിലല്ല. ആരോഗ്യ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലൊട്ടാകെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ കൊച്ചു കേരളത്തിൽ ഇത്തരം പീഡനങ്ങളും കൊലപാതകങ്ങളും ഒട്ടും കുറവല്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പാലക്കാട്ടു ജില്ലയിൽ 1984-ൽ 647 സ്ത്രീ മരണങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ഉണ്ട്. അതിൽ ഭൂരിഭാഗവും ദാമ്പത്യ സംബന്ധമായ കാരണങ്ങൾ മൂലം ഉണ്ടായിട്ടുള്ളതാണ്. മുഴിക്കുന്നത്ത് കുമാരൻ എന്ന ഏക സർവ്വീസുകാരന്റെ മകൾ സ്നേഹപ്രഭ രണ്ടായിരം രൂപ സ്ത്രീധനം കൊടുക്കാത്തതിന്റെ പേരിൽ പലപ്പോഴും പീഡനങ്ങൾക്ക് വിധേയയാവുകയും ഒടുവിൽ

LIBRARY ARCHIVES Kerala Legislative Assembly